ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും ലഭിച്ച പരാതിയിൻമേൽ നടപടി തുടർന്നുകൊണ്ടിരുന്ന അവസരത്തിൽ, പരാതിക്കാരൻ മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാരസെല്ലിൽ മറ്റൊരു പരാതി നൽകുകയും അന്ന് 11-2-2003-ൽ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അയച്ചുകൊടുക്കുകയും, അതിന് 24-5-2003-ൽ പൊതുജന പരാതി പരിഹാര സെൽ ജോയിന്റ് സെക്രട്ടറിക്ക് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. പരാതിക്കാരൻ ആദ്യം ജനസേവന കേന്ദ്രത്തിൽ കരം ഒടുക്കുകയും, വസ്തുവിൽക്കേണ്ട സാഹചര്യം വന്നപ്പോൾ വാങ്ങുന്ന കക്ഷികൾക്ക് ടി രസീതിൽ തൃപ്തിവരാത്തതിനാൽ പരാതിക്കാരന്റെ അപേക്ഷ പ്രകാരം വില്ലേജാഫീസിൽ നിന്നും കരം ഒടുക്കി രസീത് വാങ്ങുകയുമാണുണ്ടായത്. ഇപ്രകാരം രണ്ട് പ്രാവശ്യം കരം ഒടുക്കിയിട്ടുള്ളത് പരാതികക്ഷിയുടെ സ്വമനസ്സാലെയാണ്.

(ബി) ഇല്ല. ഈ തുക കക്ഷിയിൽ നിന്നും നിർബന്ധപൂർവ്വം ഈടാക്കിയതല്ല. മറിച്ച് സ്വമേധയാ അടവാക്കിയതാണ്.

(സി) ജനസേവന കേന്ദ്രത്തിലൂടെയും വില്ലേജാഫീസ് മുഖാന്തിരവും ഈടാക്കിയ തുകയിൽ ഏതെങ്കിലും ഒന്ന് തിരികെ നൽകാൻ കഴിയുമോ എന്നത് ജില്ലാ കളക്ടർ പരിശോധിച്ചുവരുന്നു.

റവന്യൂ വകുപ്പിൽ നിർത്തലാക്കിയ തസ്തികകൾ

20 (1330) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിൽ എത്ര തസ്തികകൾ നിർത്തലാക്കിയെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതൊക്കെ തസ്തികകളാണ് ഇപ്രകാരം നിർത്തലാക്കിയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) റവന്യൂ വകുപ്പിൽ 590 തസ്തികകൾ നിർത്തലാക്കിയിട്ടുണ്ട്.

(ബി)

ഡെപ്യൂട്ടി കളക്ടർ	-	15
തഹസിൽദാർ/സീനിയർ സൂപ്രണ്ട്	-	30
ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട്		28
ഹെഡ് ക്ലാർക്ക്/വില്ലേജ് ഓഫീസർ/ആർ.ഐ		66
യു.ഡി.ക്ലാർക്ക്/എസ്.വി.എ.	-	39
എൽ.ഡി.ക്ലാർക്ക്/വി.എ.	-	119

LIBRARY ARCHIVES Kerala Legislative Assembly

ടൈപ്പിസ്റ്റ്-ക്ലാർക്ക്	-	2
ഫെയർ കോപ്പി സൂപ്രണ്ട്	-	1
എൽ.ഡി./യു.ഡി. ടൈപ്പിസ്റ്റ്	-	36
സർവ്വേയർ ഗ്രേഡ്-1	-	10
സർവ്വേയർ ഗ്രേഡ്-2	-	31
ഡ്രാഫ്റ്റ്സ്മാൻ	-	23
അറ്റൻഡർ	-	8
പ്യൂൺ	-	62
വില്ലേജ്മാൻ	-	33
ചെയിൻമാൻ	-	80
സ്വീപ്പർ	-	7
ആകെ		590

റവന്യൂ വകുപ്പിൽ നിർത്താലാക്കാൻ ഉദ്ദേശിക്കുന്ന തസ്തികകൾ

21 (1331) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിൽ എത്ര തസ്തികകൾ നിർത്തലാക്കിയിട്ടുണ്ട് ;

(ബി) അവ ഏതെല്ലാം തസ്തികകളാണെന്നും ഓരോ വിഭാഗത്തിൽ എത്ര വീതമെന്നും പറയാമോ ;

(സി) അവയിൽ കൂടുതൽ തസ്തികകൾ നിറുത്തലാക്കാൻ ഉദ്ദേശമുണ്ടോ ;

(ഡി) 2002 ജനുവരി മുതൽ 2003-മേയ് വരെ റവന്യൂ വകുപ്പിൽ എത്ര എൽ. ഡി. ക്ലാർക്കുമാരുടെ ഒഴിവുകളുണ്ടായിട്ടുണ്ട് ; ഇതിൽ എത്രയെണ്ണം പി. എസ്. സി. മുഖാന്തിരം നികത്തിയിട്ടുണ്ട് ;

(ഇ) പി.എസ്.സി. അഡ്വൈസ് ലഭിച്ച എത്ര പേർക്ക് നിയമനം നൽകാനുണ്ട് ; ഇവർക്ക് എപ്പോൾ നിയമനം നൽകുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) റവന്യൂ വകുപ്പിൽ 590 തസ്തികകൾ നിർത്തലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly